**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **11-02-2025 - ൽ മറുപടിയ്ക്ക്**

**ചെല്ലൻകാവ് മിനിഡാം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ ഡിസൈൻ ആന്റ് ഡ്രോയിംഗ് ഐഡിആർബിയിൽ നിന്നും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിപിആർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 30/12/2024-ലെ കത്ത് മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡ്രോയിംഗ് ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോഡ് ചീഫ് എൻജിനീയറിൽ നിന്ന് 03.10.2024-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | **A പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | **A പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

നം.CEIA/6792/2023-DB1(W2)

ചീഫ് എഞ്ചിനീയറുടെ കാര്യാലയം.
ജലസേചനവും ഭരണവും.
തിരുവനന്തപുരം

ceworksirrigation@gmail.com
തീയതി : 30-12-2024

പ്രേഷകൻ

ചീഫ് എഞ്ചിനീയർ.

സ്വീകർത്താവ് :

അഡിഷണൽ ചീഫ് സെക്രട്ടറി
ജലവിഭവ (എം ഐ ) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: ബജറ്റ് 2020 -2021 -20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ- - Construction of Mini Dam at Chellankavu in Pudussery Panchayath in Palakkad District-.- സംബന്ധിച്ച്.

സൂചന :-
1) 23/12/2024 ലെ സൂപ്രണ്ടിങ് എഞ്ചിനീയർ , മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളത്തിന്റെ കത്ത് നമ്പർ - D4-3750/2023.
2) 30/04/2022 ലെ ധനകാര്യ (ബഡ്ജറ്റ് കെ) വകുപ്പിന്റെ സർക്കാർ ഉത്തരവ്(സാധാ) നം -3311/2022/FIN.

മേൽ സൂചനയിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

2018 ഓഗസ്റ്റിലെ വെള്ളപ്പൊക്കത്തിൽ വനമേഖലയിൽ ഉണ്ടായ കനത്ത ഉരുൾപൊട്ടലിൽ തകർന്ന ചെല്ലങ്കാവ്ഏരിയുടെയും. ചെക്ക് ഡാമിന്റെയും പുനർ നിർമ്മാണത്തിനായി സൂചന(2) പ്രകാരം 2020-21 ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തുകയും 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു..

ചെല്ലങ്കാവ് എരിയെ കാര്യക്ഷമമായ സംഭരണ സംവിധാനമാക്കി മാറ്റേണ്ടതിനു വേണ്ടി ജിയോ ടെക്നിക്കൽ പര്യവേക്ഷണം. മണ്ണിന്റെയും പാറയുടെ പരിശോധന. എരിയുടെ തകർന്ന ബണ്ടുകളുടെ ശരിയായ രൂപകല്പനയും, ചെല്ലങ്കാവ് എരിയിൽ നിന്നുള്ള തോടിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് ടോപ്പോഗ്രാഫിക്കൽ സർവേ എന്നിവ നടത്തുകയും ചെയ്തിരുന്നു . തുടർന്ന്, അന്വേഷണ റിപ്പോർട്ടും മണ്ണ് പരിശോധന റിപ്പോർട്ടും ചീഫ് എഞ്ചിനീയർ . ഐ ഡി ആർ ബി ക്കു സമർപ്പിക്കുകയും ചെയ്തിരുന്നു.

ചെല്ലൻകാവ് മിനിഡാമിന്റെയും തോടിന്റെയും പുനർ നിർമ്മാണത്തിനായി IDRB-യിൽ നിന്ന് അംഗീകൃത ഡിസൈൻ & ഡ്രോയിംഗ് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി മേൽ സൂചന(1) പ്രകാരം സൂപ്രണ്ടിങ് എഞ്ചിനീയർ . മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സമർപ്പിച്ചിട്ടുണ്ട്.

ചെല്ലൻകാവ് മിനിഡാമിന്റെയും തോടിന്റെയും പുനർ നിർമ്മാണം നടത്തുന്നതിലൂടെ ഭൂഗർഭജല

ാർജ്ജ് വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമായ വെള്ളപ്പൊക്ക പരിപാലനത്തിനും 155.96 ഹെക്ടറോളം കൃഷിഭൂമിക്കും പ്രയോജനം ലഭിക്കും.

സൂചന(1) പ്രകാരം ലഭിച്ച ഡി പി ആർ ഇതോടൊപ്പം സർക്കാരിലേക്ക് സമർപ്പിക്കുന്നു. മേൽ സൂചന പ്രവൃത്തി 4702-00-101-64-01-00-00-P-V-Renovation Of Tanks And Ponds-revival. Conservation And Upgradation Of Local Water Resources..works എന്ന ശീർഷകത്തിലാണ് ഏറ്റെടുക്കേണ്ടത്. ഈ വർഷത്തെ ബഡ്ജറ്റിൽ 4702-00-101-64-01-00-00-P-V എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല .

ആയതിനാൽ 4702-00-101-64-01-00-00-P-V-Renovation Of Tanks And Ponds-revival. Conservation And Upgradation Of Local Water Resources.. എന്ന ശീർഷകത്തിൽ 4 കോടി രൂപ അനുവദിച്ച് Construction of Mini Dam at Chellanikavu in Pudussery Panchayath in Palakkad District-എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു

ഉള്ളടക്കം – 1. ഡി പി ആർ-2 Set

വിശ്വസ്തതയോടെ

Signed by Sivadasan M
Date: 30-12-2024 16:50:35
ചീഫ് എഞ്ചിനീയർ

പകർപ്പ്:- 1. സൂപ്രണ്ടിങ് എഞ്ചിനീയർ , മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളത്തിന് , അറിവിലേക്കും തുടർ നടപടിക്കുമായി .

Sandhya
സെക്ഷൻ ഓഫീസർ